"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയാറാക്കിയ സംയുക്ത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1469/2020/LSGD തീയതി,തിരുവനന്തപുരം, 06/08/2020

---

പരാമർശം:- 1. 30.11.2019-ലെ 505/ഡി സി.1/19/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ

2. 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.2(3.8)

3. 24.06.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.16

## ഉത്തരവ്

മെഡിക്കൽ കോളേജ് ഉള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് അതത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ സംയുക്ത പ്രോജക്ടുകൾ തയാറാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകി പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് സംയുക്ത പ്രോജക്റ്റ് തയാറാക്കണമെന്ന് 06.12.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി തയാറാക്കുകയും ആകെ 270.00 ലക്ഷം രൂപ ഇതിനായി വകയിരുത്തുകയും ചെയ്തു. ഈ തുക കൈമാറുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന ആവശ്യം 24.06.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പദ്ധതി സംബന്ധിച്ച സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകുമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

06.12.2019-ൽ ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ അറിയിച്ചിരുന്നത് കൂടി പരിഗണിച്ച്, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാൻ പരാർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയാറാക്കിയ സംയുക്ത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ശുചിത്വ മിഷൻ തിരുവനന്തപുരം ജില്ലാ കോർഡിനേറ്ററെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പദ്ധതിയുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്ന മുറയ്ക്ക് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് വർഷാരംഭം തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവരുമായി ചർച്ച ചെയ്ത് കാലതാമസം കൂടാതെ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി നടപടി സ്വീകരിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്

അദ്ധ്യക്ഷൻ, തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ, തിരുവനന്തപുരം (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
ബന്ധപ്പെട്ട നഗരസഭകൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.10 21:01:57 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്